പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1737 25.3.2013 ൽ മറുപടിക്ക്

## എസ്.ഐ. പരീക്ഷാ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കാൻ നടപടി

| ചോദ്യം<br>ശ്രീ. പി. തിലോത്തമൻ | മറുപടി<br>ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| എ) കാറ്റഗറി നമ്പർ 317/2007 പ്രകാരം പോലീസ് വകുപ്പിലെ സബ്ഇൻസ് പെക്ടർ തസ്തികയിലേക്ക് എഴുത്തു പരീക്ഷ നടത്തി എത്ര നാൾ കഴി ഞ്ഞാണ് കായികക്ഷമതാ പരീക്ഷ നടത്തിയത് എന്ന് അറിയിക്കുമോ; | (എ) എഴുത്തുപരീക്ഷ 19.11.2011 ൽ നടത്തുകയും, 8.1.2013 മുതൽ 31.1.2013 വരെ കായികക്ഷമതാ പരീക്ഷ നടത്തുകയും ചെയ്തു. |
| ബി) പ്രസ്തുത കായികക്ഷമതാ പരീക്ഷ നടത്തുന്നതിൽ കാലവിളംബം ഉണ്ടാകാൻ കാരണമെന്തെന്ന് വ്യക്തമാക്കുമോ; | ബി) 19.11.2011 ൽ നടത്തിയ എഴുത്തു പരീക്ഷയുടെ ഫലം 25.9.2012 ൽ പ്രസി ദ്ധീകരിച്ച് നാലു മാസത്തിനകം കായിക ക്ഷമതാ പരീക്ഷ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ മന:പൂർവ്വമായ കാല താമസം ഉണ്ടായിട്ടില്ല. |
| സി) എത്ര ഒഴിവുകൾക്കു വേണ്ടിയാണ് പ്രസ്തുത പരീക്ഷ നടത്തിയത് എന്ന് അറിയി ക്കുമോ; | സി) 193 ഒഴിവുകൾ |
| ഡി) പ്രസ്തുത ലിസ്റ്റിൽ നിന്ന് നിയമനങ്ങൾ ആരംഭിച്ചുവോ എന്നു വ്യക്തമാക്കുമോ; | ഡി) റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| ഇ) പ്രസ്തുത തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുവാനുള്ള ഏറ്റവും കൂടിയ പ്രായപരിധിയായ 35 വയസ്സ് അപ്പോൾ തികഞ്ഞിരുന്നവർക്ക് ഇപ്പോൾ നാൽപത്തി മൂന്നോളം വയസ്സ് ആകുമെന്നും അവർക്ക് എസ്.ഐ പരിശീലനം യുവാ ക്കളെ അപേക്ഷിച്ച് വളരെ ബുദ്ധിമു ട്ടുള്ളതായിരിക്കുമെന്നതും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഇയും, എഫും) വിജ്ഞാപനം പ്രസിദ്ധീ കരിച്ച് ഏറ്റവും കുറഞ്ഞ കാലയളവിൽ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതി നാൽ തന്നെ എസ്.ഐ തസ്തികയുടെ റാങ്ക് ലിസ്റ്റ് എത്രയും പെട്ടെന്ന് പ്രസിദ്ധീ കരിക്കാൻ കഴിയും. പ്രായം കൂടുതലുള്ള ഉദ്യോഗാർത്ഥികൾക്ക് പരിശീലനം ബുദ്ധി മുട്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പരിശീലനത്തിൽ ഇളവു വരുത്തുന്നത് അഭിലഷണീയമല്ല. |
| എഫ്) പരീക്ഷകൾ നടത്തുന്നതിലും നിയമനം നടത്തുന്നതിലും ഏറെ കാല താമസം വരുന്നതുമൂലം തൊഴിൽരഹിത രായ യുവാക്കൾക്ക് അർഹമായ അവസരങ്ങൾ നഷ്ടപ്പെടുന്നതൊഴിവാക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ